**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1880** **02-02-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരകർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പ് മുഖേന നൽകി വരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. തീറ്റപ്പുൽകൃഷി വികസനപദ്ധതി (സൗജന്യമായി പുൽക്കട വിതരണം, പുൽകൃഷി ചെയ്യുന്നതിനുള്ള ധനസഹായം)<br><br>2. മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് വികസന പദ്ധതിയുടെ ഭാഗമായി തൊഴുത്ത് നിർമ്മാണം, ഹെർഡ് ഇൻഡക്ഷൻ (2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, അസിസ്റ്റൻസ് ടു പ്രോഗ്രസ്സീവ് ഡയറി ഫാർമേഴ്സ് (വിവിധ കാറ്റഗറികളിൽ ഡയറി ഫാമിങ്ങിന് ആവശ്യമായ വസ്തുക്കൾ വാങ്ങുന്നതിനുള്ള പദ്ധതി) എന്നിവയുള്ള പദ്ധതി.<br><br>3. ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് സബ്സിഡി.<br><br>മിൽമയുടെ മലബാർ മേഖലാ യൂണിയൻ പാൽ വിൽപ്പന വിലയുടെ 83 ശതമാനം നേരിട്ടുള്ള സംഭരണ വിലയായും, കൂടാതെ അധിക പാൽ വിലയായും ക്ഷീരകർഷകർക്ക് നൽകി വരുന്നു. യൂണിയൻ വിൽപ്പന നടത്തുന്ന ഓരോ ലിറ്റർ പാലിൽ നിന്നും 31 പൈസ സർക്കാർ ക്ഷീരകർഷക പെൻഷൻ/ക്ഷേമ നിധിയിലേക്ക് നൽകി വരുന്നു. കിലോഗ്രാമിന് 2 രൂപ സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചു നൽകുന്നു. ചെലവ് കുറഞ്ഞ പാലുൽപാദനത്തിന് കറവമാട്ടുകൾക്ക് പോഷക സമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിലെത്തിക്കുന്നു. സഹോദര സ്ഥാപനമായ മലബാർ റൂറൽ ഡെവലപ്പ്മെൻറ് ഫൗണ്ടേഷൻ വഴി വൈക്കോൽ ബൈയ്യലുകൾ കിലോഗ്രാമിന് 8.40 രൂപ മുതൽ 10.95 രൂപ വരെ നിരക്കിൽ |

വിപണിയിലെത്തിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന് ക്ഷീരകർഷകർക്ക് പ്രതിവർഷം 25,000/- രൂപ വരെയും, ബയോഗ്യാസ് പ്ലാൻറ് നിർമാണത്തിന് 15,000/- രൂപ വരെയും, കാലിത്തൊഴുത്ത് നിർമാണത്തിന് 15,000/- രൂപ വരെയും, ഉള്ള ധന സഹായങ്ങൾ നൽകി വരുന്നു. തെരഞ്ഞെടുത്ത സംഘങ്ങളിൽ 300 രൂപയ്ക്ക് ഡോക്ടറുടെ സേവനവും മരുന്നും കർഷക ഭവനത്തിൽ ലഭ്യമാക്കുന്ന വികേന്ദ്രീകൃത യൂണിറ്റുകൾ ആരംഭിച്ചു. പശുക്കളിലെ ചികിത്സാ ചെലവ് കുറയ്ക്കുന്നതിനും പാലിലെ ആൻറിബയോട്ടിക്ക് മരുന്നുകളുടെ സാന്നിദ്ധ്യം നിയന്ത്രിക്കുന്നതിനും വേണ്ടി മേഖലാ യൂണിയൻ നിർമിച്ച ചെലവ് കുറഞ്ഞ ഇ.വി.എം. മരുന്നുകളുടെ വിതരണം നടത്തി വരുന്നു. കൃത്രിമ ബീജാദാന കേന്ദ്രങ്ങൾ വഴി കറവമാടുകളുടെ വർഗ്ഗോദ്ധാരണത്തിന് ബീജമാത്രകളുടെ സൗജന്യമായ വിതരണം നടത്തി വരുന്നു. 50 ശതമാനം സബ്സിഡിയോടെ ധാതുലവണ മിശ്രിത വിതരണം, ഉയർന്ന ഉൽപാദന ക്ഷമതയുള്ള തെരഞ്ഞെടുത്ത ഗർഭിണി പശുക്കൾക്ക് 70 ശതമാനം സബ്സിഡി നിരക്കിൽ ബൈപ്പാസ് ഫാറ്റ് വിതരണം, 50 ശതമാനം സബ്സിഡി നിരക്കിൽ സ്റ്റെയിൻലെസ്സ് സ്റ്റീൽ പാൽപാത്ര വിതരണം എന്നിവ നടത്തി വരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്വന്തമായി വീടില്ലാത്ത ക്ഷീരകർഷകർക്ക് ഭവന നിർമ്മാണത്തിനായി ഒരു ജില്ലയിൽ ഒരാൾക്ക് 5 ലക്ഷം രൂപ എന്ന രീതിയിൽ ക്ഷീരസദനം പദ്ധതി വഴി ധനസഹായം നൽകി വരുന്നു. സ്വന്തമായി വീട് ഇല്ലാത്ത, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും വിധവകൾക്കും മുൻഗണന നൽകുന്നതാണ്. ഈ പദ്ധതിയിൻ പ്രകാരം 18 വീടുകൾ ഇതുവരെ നൽകിയിട്ടുണ്ട്.

കൂടാതെ , ക്ഷീര കർഷകരുടെ ടൈപ്പ് 1 പ്രമേഹ രോഗികളായ 18 വയസിൽ താഴെയുള്ള മക്കളുടെ ചികിത്സയ്ക്കുള്ള ധനസഹായവും ക്ഷീരകർഷകർക്ക് ജനിക്കുന്ന പെൺകുഞ്ഞുങ്ങളുടെ ഭാവി സുരക്ഷിതമാക്കുന്നതിനുള്ള ക്ഷീര സുകന്യ പദ്ധതിയും നടപ്പിലാക്കി വരുന്നു. അകിട് രോഗ നിർണയ-നിവാരണ പദ്ധതി (ഡി.സി.എ.എം.) നടപ്പിലാക്കുന്നു. ഗ്രാമങ്ങളിൽ 8.135 ലക്ഷം ലിറ്റർ പാൽ ശീതീകരണ സംവിധാനം ഒരുക്കുകയും മലബാർ റൂറൽ ഡെവലപ്പമെൻറ് ഫൗണ്ടേഷൻ വഴി അർഹരായവർക്ക് ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും 10,000/- രൂപ ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. ക്ഷീരസമാശ്വാസം പദ്ധതി പ്രകാരം,

| | | | |
|---|---|---|---|
| | | | മലബാർ മേഖലാ യൂണിയനു കീഴിൽ പാലളക്കുന്ന ഗുരുതര രോഗം ബാധിച്ച അംഗങ്ങൾക്ക് 20,000 രൂപ ധനസഹായം നൽകുന്നുണ്ട്<br><br>എറണാകുളം മേഖല യൂണിയൻ ക്ഷീരകർഷകർക്ക് പ്രത്യേക ഇൻസെൻറീവ്, ഫാം സെക്ടർ കർഷകർക്ക് ഹെഡ് ലോഡ് ചാർജ്ജ്, കന്നുകാലി ഇൻഷുറൻസ് സബ്സിഡി, ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്ത പശു/ കിടാരി മരണപ്പെടുമ്പോൾ കർഷകന് ധനസഹായം നൽകുന്ന പദ്ധതി, സബ്സിഡി നിരക്കിൽ വൈക്കോൽ/സൈലേജ് വിതരണം, കന്നുകാലി ലോൺ പലിശ സബ്സിഡി, റബ്ബർ മാറ്റ് വാങ്ങുന്നതിന് സബ്സിഡി, വീൽബാരോ വാങ്ങുന്നതിന് സബ്സിഡി, മിൽക്കിംഗ് മെഷീൻ വാങ്ങുന്നതിന് സബ്സിഡി, ക്ഷീരകർഷകർക്ക് പരിശീലനം, ക്ഷീരകർഷകരുടെ കന്നുകാലികൾക്ക് മൃഗചികിത്സ സൗകര്യം എന്നിവ നടപ്പിലാക്കി വരുന്നു.<br><br>തിരുവനന്തപുരം മേഖലാ യൂണിയൻ കാലിത്തീറ്റ സബ്സിഡി, കിടാരി ദത്തെടുക്കൽ പദ്ധതി, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, കറവ പശുക്കളെ വാങ്ങുന്നതിനുള്ള സഞ്ചാലക നിധി, ഹാൻഡ് ഓപറേറ്റഡ് കറവ യന്ത്രത്തിനുള്ള സബ്സിഡി, കാലിത്തൊഴുത്ത് നവീകരണത്തിനുള്ള ധനസഹായം, കന്നുകാലി ഇൻഷുറൻസ് പ്രീമിയം സബ്സിഡി, വികേന്ദ്രീകൃത മൃഗ ചികിത്സ യൂണിറ്റുകൾ, കന്നുകാലികളെ അന്യ സംസ്ഥാനത്തു നിന്നും കൊണ്ട് വരുന്നതിന് കടത്തുകൂലി, മരണാനന്തര ധനസഹായം, ധനലഭ്യതയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് സംഘങ്ങൾ മുഖേന നൽകുന്ന പ്രത്യേക പാൽ വില വ്യത്യാസം, കർഷകർക്ക് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ അനുവദിച്ച് നൽകുന്ന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും ധനസഹായങ്ങളും ലഭ്യമാക്കി വരുന്നു. |
| (ബി) | മണലൂർ മണ്ഡലത്തിൽ ക്ഷീരകർഷകർക്കായി ഈ സർക്കാർ വന്ന ശേഷം ഇതുവരെ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്നും ഇതിലേയ്ക്കായി എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | മണലൂർ മണ്ഡലത്തിൽ ക്ഷീരകർഷകർക്കായി ഈ സർക്കാർ വന്ന ശേഷം ക്ഷീരവികസന വകുപ്പ് ഇതുവരെ നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.<br><br>മിൽമയുടെ എറണാകുളം മേഖലാ യൂണിയൻറെ കീഴിൽ വരുന്ന തൃശ്ശൂർ ജില്ലയിൽപ്പെട്ട മണലൂർ മണ്ഡലത്തിലെ ക്ഷീരകർഷകർക്ക് യൂണിയൻ നടപ്പിലാക്കിവരുന്ന ക്ഷീരകർഷകർക്കുള്ള പ്രത്യേക ഇൻസെൻറീവ്, ഫാം സെക്ടർ കർഷകർക്ക് ഹെഡ് ലോഡ് ചാർജ്ജ്, കന്നുകാലി ഇൻഷുറൻസ് സബ്സിഡി, ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്ത പശു/ കിടാരി മരണപ്പെടുമ്പോൾ കർഷകന് ധനസഹായം |

| | | | |
|---|---|---|---|
| | | | നൽകുന്ന പദ്ധതി, സബ്സിഡി നിരക്കിൽ വൈക്കോൽ/സൈലേജ് വിതരണം, കന്നുകാലി ലോൺ പലിശ സബ്സിഡി, റബ്ബർ മാറ്റ് വാങ്ങുന്നതിന് സബ്സിഡി, വീൽബാരോ വാങ്ങുന്നതിന് സബ്സിഡി, മിൽക്കിംഗ് മെഷീൻ വാങ്ങുന്നതിന് സബ്സിഡി, ക്ഷീരകർഷകർക്ക് പരിശീലനം, ക്ഷീരകർഷകരുടെ കന്നുകാലികൾക്ക് മൃഗചികിത്സ സൗകര്യം എന്നിവ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ചെലവഴിച്ച തുക | | | | | | | | |
|---|---|---|---|---|---|---|---|---|
| വർഷം | തീറ്റപ്പുൽവികസനപദ്ധതി | മിൽക്ക്ഷെഡ് വികസന പദ്ധതി | കർഷകർക്കായുള്ള വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ | ക്ഷീര സംഘങ്ങൾ മുഖേന സബ്സിഡി യോടെയുള്ള കോവിഡ് തീറ്റ/ വയ്ക്കോൽ/ പച്ചപുൽ വിതരണം | ഉൽപാദന പ്രോത്സാഹമായി കാലിത്തീറ്റ സബ്സിഡി, പശുക്കുട്ടിയെ ദത്തെടുക്കൽ, ജൈവ ധാതുമിശ്രിതം/ വിറ്റാമിൻ വിതരണങ്ങൾ | ക്ഷീരകർഷക ക്ഷേമ നിധി മുഖനയുള്ള പ്രവർത്തനങ്ങൾ | പഞ്ചായത്ത് പദ്ധതികൾ | ആകെ |
| 2021-22 | 99500 | 1280500 | 158000 | 100000 | - | 810000 | 4795000 | 7243000 |
| 2022-23 | 117050 | 700500 | 44000 | 100000 | 897368 | 16000 | 2449000 | 4323918 |
| 2023-24 | 77000 | 350250 | 12000 | - | 65518 | - | 150119 | 2005887 |
| ആകെ | | | | | | | | 13572805 |

Section Officer